**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 417** **20-03-2025 - ൽ മറുപടിയ്ക്ക്**

**പരുന്തുംപാറയിലെ സർക്കാർ ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പരുന്തുംപാറ വിനോദ സഞ്ചാരകേന്ദ്രത്തിലെ ഭൂമിയിൽ വ്യാപകമായ കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പീരുമേട് താലൂക്കിൽ പീരുമേട്, മഞ്ജുമല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പരുന്തുംപാറ വിനോദസഞ്ചാര മേഖലയിൽ ഏകദേശം 17 ഹെക്ടറോളം സർക്കാർ ഭൂമി കയ്യാല കെട്ടിത്തിരിച്ച് കൈവശപ്പെടുത്താൻ ശ്രമം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ; | (ബി) | ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ഇടുക്കി സബ് കളക്ടറുടെ മേൽനോട്ടത്തിൽ 15 അംഗ അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. കൂടാതെ പരുന്തുംപാറ ഭാഗത്തും സമീപ പ്രദേശങ്ങളിലും അന്വേഷണ സംഘത്തിനൊപ്പം സർവ്വെ വിഭാഗവും അന്വേഷണം നടത്തി വരുന്നു. |
| (സി) | ഈ പ്രദേശത്തെ സർക്കാർ ഭൂമിയുടെ അതിരുകൾ വേർതിരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | സർവ്വേ 441 (മഞ്ജുമല) സർവ്വേ 534 (പീരുമേട് ) എന്നിവയിൽപ്പെട്ട സർക്കാർ ഭൂമിയുടെ അതിരുകൾ വേർതിരിച്ച് ഭൂമിയിൽ അടയാളപ്പെടുത്തിയിട്ടില്ല. സർക്കാർ ഭൂമി അളന്നു തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത കയ്യേറ്റത്തിൽ ജീവനക്കാരുടെ സഹായം ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ഡി) | കണ്ടെത്തിയിട്ടില്ല. |
| (ഇ) | കയ്യേറ്റം ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ഇടുക്കി സബ് കളക്ടറുടെ മേൽനോട്ടത്തിൽ 15 അംഗ അന്വേഷണസംഘം കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനായി രേഖകൾ പരിശോധിച്ചുവരുന്നു. പതിവിനും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ, അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനും, മനുഷ്യജീവന്റെ സംരക്ഷണത്തിനും സംഘർഷാവസ്ഥകളും |

| | | | | |
|---|---|---|---|---|
| | | | | അടികലശവും ഒഴിവാക്കി ടി പ്രദേശത്ത് ശാന്തത ഉറപ്പാക്കുന്നതിനുമായി ടി പ്രദേശങ്ങളിൽ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത 163-ാം വകുപ്പ് പ്രകാരം 06.03.2025 തീയതി മുതൽ 02.05.2025 തീയതി അർദ്ധരാത്രിവരെ നിരോധനാജ്ഞ പ്രഖ്യാപിച്ച് 06/03/2025ൽ ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതാണ്. ടി മേഖലയിൽ ക്രമപ്രകാരമല്ലാത്ത പട്ടയത്തിന്റെയും നിയമപരമായി സാധുതയില്ലാത്ത പ്രമാണങ്ങളുടേയും, ശരിയായ റിക്കാർഡുകളുടെ പിൻബലമില്ലാത്ത കൈവശങ്ങളുടേയും, അടിസ്ഥാനത്തിൽ ടി സർവേ നമ്പരുകളിൽ തയ്യാറാക്കപ്പെടുന്ന റിക്കാർഡുകളിൽ (ഉദാ - ലാൻഡ് രജിസ്റ്റർ, BTR, സർവ്വെ സ്കെച്ച്) അവകാശം സ്ഥാപിച്ച് എടുക്കുന്നത് തടയുന്നതിനും സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനുമായി ജില്ലാ തലത്തിൽ 15 അംഗ സംഘവും കൂടാതെ സർവ്വെ വകുപ്പിൽ നിന്ന് 8 അംഗസംഘവും സംയുക്ത പരിശോധന നടത്തുന്നതിന് പീരുമേട് താലൂക്കിൽ രൂപം നൽകിയിട്ടുള്ളതും പരിശോധനകൾ ആരംഭിച്ചിട്ടുള്ളതുമാണ്. നിരോധനാജ്ഞ നിലവിലിരിക്കെ പീരുമേട് വില്ലേജ് പരുന്തുംപാറ ഭാഗത്ത് ചങ്ങനാശ്ശേരി സ്വദേശി ശ്രീ.സജിത്ത് ജോസഫ് എന്നയാൾ അനുമതിയില്ലാതെ നടത്തിയ (മത ചിഹ്നം) നിർമ്മാണം പൊളിച്ച് നീക്കം ചെയ്തിട്ടുള്ളതാണ്. കൂടാതെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത വകുപ്പ് 163 പ്രകാരമുള്ള നിരോധനാജ്ഞ നിലവിൽ ഇരിക്കെ അനധികൃത നിർമ്മാണം നടത്തിയ ശ്രീ.സജിത് ജോസഫ്, ശ്രീ. ദീപേഷ് S/o. ബാലൻ, ശ്രീ. പി ടി ഏലിയാസ്, ശ്രീ.തിരുമുരുകൻ നടരാജൻ, ശ്രീമതി. ജ്യോതി മണി തിരുമുരുകൻ, ശ്രീമതി. സോളി ജോസഫ് എന്നിവർക്കെതിരെ എഫ്.ഐ.ആർ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.<br><br>ഇടുക്കി സബ് കളക്ടറുടെ മേൽനോട്ടത്തിൽ രൂപീകരിച്ചിട്ടുള്ള അന്വേഷണ സംഘം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭൂസംരക്ഷണ നിയമപ്രകാരം ഭൂമി ഏറ്റെടുക്കും. |

സെക്ഷൻ ഓഫീസർ